പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1678 — 04.12.2015 ലെ മറുപടിയ്ക്ക്

## പാലക്കാട്-കർഷകരുടെ എണ്ണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. ഹംസ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കുമോ ; | (എ) കാർഷിക മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധം 1- ൽ ചേർത്തിരിക്കുന്നു. |
| (ബി) കാർഷിക മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുവാനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) കാർഷിക മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുവാനായി ആവിഷ്കരിച്ചിരിക്കുന്ന നൂതന പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം - 2 ൽ ചേർത്തിരിക്കുന്നു. |
| (സി) പാലക്കാട് ജില്ലയിൽ ആകെ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം എത്ര; താലൂക്കടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ ; | (സി) പാലക്കാട് ജില്ലയിൽ ആകെ 1,41,282 കർഷകർ (30.11.2015 വരെ) രജിസ്റ്റർ ചെയ്തിട്ടുണ്ട്. താലൂക്കടിസ്ഥാനത്തിൽ വിശദാംശം ലഭ്യമല്ല. ബ്ലോക്ക് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ബ്ലോക്ക് | രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം |
|---|---|---|
| 1. | ആലത്തൂർ | 17108 |
| 2. | കുഴൽമന്ദം | 15097 |
| 3. | നെന്മാറ | 9491 |
| 4. | കൊല്ലങ്കോട് | 8172 |
| 5. | ചിറ്റൂർ | 14935 |
| 6. | പാലക്കാട് | 9693 |
| 7. | മണ്ണാർക്കാട് | 14613 |
| 8. | ശ്രീകൃഷ്ണപുരം | 9151 |
| 9. | അഗളി | 6565 |
| 10. | ഷൊർണ്ണൂർ | 9127 |
| 11. | പട്ടാമ്പി | 8986 |
| 12. | തൃത്താല | 8276 |
| 13. | മലമ്പുഴ | 10068 |
| | ആകെ | 141282 |

(ഡി) നെൽ കൃഷി ചെയ്യുന്നവർ, കേര കർഷകർ, റബ്ബർ കർഷകർ എന്നിവരുടെ കണക്ക് പ്രത്യേകമായി നൽകുമോ ;

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഓരോ വിഭാഗത്തിനും എത്ര രൂപയാണ് സബ്സിഡി അനുവദിച്ചത്; വിശദാംശം ലഭ്യമാക്കുമോ ?

(ഇ) നെൽകർഷകർ, കേരകർഷകർ എന്നിവർക്ക് യഥാക്രമം നെൽകൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി എന്നിവയിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. റബ്ബർ കർഷകർക്ക് കൃഷി വകുപ്പ് മുഖേന സബ്സിഡി നൽകാറില്ല.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | നെൽകൃഷി വികസന പദ്ധതി (ലക്ഷം രൂപ) | നാളികേര വികസന പദ്ധതി (ലക്ഷം രൂപ) |
|---|---|---|---|
| 1. | 2011-12 | 2898.88 | 2941.45 |
| 2. | 2012-13 | 4908.09 | 4475.92 |
| 3. | 2013-14 | 4897.13 | 4700.79 |
| 4. | 2014-15 | 3313.48 | 2505.65 |
| 5. | 2015-16 (31.10.2015 വരെ) | 1113.45 | 1634.05 |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

ഈ സർക്കാർ അധികാരമേറ്റശേഷം കൃഷിക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ കാർഷിക വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.

കേരളത്തിലെ പ്രധാന വിളകളായ നാളികേരം, പച്ചക്കറി, വാഴ, നെല്ല് എന്നിവയുടെ വിള വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനും പ്രത്യേകം പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിത്ത്/തൈ വിതരണം മുതൽ വിളവെടുപ്പ് വരെയുള്ള വിവിധ കാർഷിക പ്രവൃത്തികൾക്ക് പദ്ധതി മുഖേന ധനസഹായം നൽകിവരുന്നു. കൂടാതെ മറ്റ് വിളകളായ കുരുമുളക്, മറ്റ് സുഗന്ധവ്യഞ്ജന വിളകൾ, പയർ, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവയുടെ കൃഷി പരിപോഷിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

വിളകളിലെ കീട-രോഗ ബാധ മുൻകൂർ മനസ്സിലാക്കി ആവശ്യമായ കരുതൽ നടപടി സ്വീകരിക്കുന്നതിനും ഇവ നിയന്ത്രിക്കുന്നതിനും വേണ്ട സാങ്കേതിക സഹായം നൽകുന്നതിനായി വിവിധ പഞ്ചായത്തുകളിലും, 4 എണ്ണം ജില്ലാതലത്തിലും വിള ആരോഗ്യ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു.

മണ്ണിന്റെ ആരോഗ്യ പരിപാലന പദ്ധതിയനുസരിച്ച് മണ്ണ് പരിശോധനയിലൂടെ വളപ്രയോഗ ശുപാർശ, കുമ്മായം പോലുള്ള ഘടകങ്ങൾ മണ്ണിൽ ചേർക്കുന്നതിന് ധനസഹായം എന്നിവ നൽകുന്നു.

കൃഷിപ്പണികൾ കുറഞ്ഞ സമയം കൊണ്ട് മികച്ച രീതിയിൽ നടത്തുന്നതിനും കർഷക തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും കാർഷിക യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുന്നു. സംസ്ഥാനത്ത് രൂപീകരിച്ച അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവ കർഷകന്റെ കൃഷിത്തോട്ടത്തിൽ ആവശ്യമായ കൃഷിപ്പണികൾ യന്ത്രോപകരണങ്ങളുടെ സഹായത്തോടെ മിതമായ നിരക്കിൽ ചെയ്തുകൊടുക്കുന്നു.

കാർഷിക മേഖലയിലെ പുത്തൻ അറിവുകൾ കർഷകരിലെത്തിക്കുന്നതിന് കാർഷിക വിജ്ഞാന വ്യാപന പദ്ധതി സഹായിക്കുന്നു. വിവിധ പരിശീലന പരിപാടികൾ, മേളകൾ, പ്രദർശനങ്ങൾ, പഠനയാത്രകൾ എന്നിവ പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്തുന്നു. 'ഹൈടെക് അഗ്രിക്കൾച്ചർ' പദ്ധതി വഴി പോളി ഹൗസ് നിർമ്മാണം, പ്രിസിഷൻ ഫാമിംഗ് എന്നിവയ്ക്ക് ധനസഹായം നൽകി വരുന്നു. കുട്ടനാട്, ഇടുക്കി, വയനാട് തുടങ്ങിയ പ്രത്യേക പ്രദേശങ്ങൾക്ക് പാക്കേജ് പദ്ധതികളും നടപ്പിലാക്കി വരുന്നു.

ജൈവ കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന 'ജൈവ കൃഷി വികസന പദ്ധതി' വഴി ജൈവ കർഷകർക്ക് ഉല്പാദനം, വിപണനം, എന്നിവയ്ക്ക് വേണ്ട സഹായം വിഭാവന ചെയ്യുന്നു.

കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 6 മൊത്തവ്യാപാര വിപണികൾ മുഖേനയും വിവിധ പ്രാദേശിക വിപണികൾ മുഖേനയും കാർഷികോല്പന്നങ്ങളുടെ സംഭരണം, അവ ലേലം ചെയ്യുന്നതിലൂടെ മികച്ച വരുമാനം കർഷകർക്ക് ലഭ്യമാകുന്നു.

നാളികേരത്തിൽ നിന്നുള്ള മൂല്യ വർദ്ധിത ഉല്പന്നമായ നീരയുടെ ഉല്പാദനത്തിനും വിപണനത്തിനും നടപ്പിലാക്കി വരുന്ന പദ്ധതികൾ ഈ മേഖലയിൽ പുത്തൻ ഉണർവ്വ് ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രൊജക്ട് അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു.

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി വിള ഇൻഷ്വറൻസ് പദ്ധതി, അത്തരം സാഹചര്യങ്ങളെ തരണം ചെയ്ത് വിള ഉല്പാദനം ഉറപ്പാക്കുന്നതിന് കണ്ടിജൻസി പ്രോഗ്രാം എന്നിവയും നടപ്പിലാക്കി വരുന്നു.

ഇപ്രകാരം സമഗ്ര കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുക വഴി കാർഷിക മേഖലയുടെ ഉന്നമനത്തിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം- 2

കാർഷിക മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കൽ, ആധുനിക കൃഷിരീതികൾ കാർഷിക രംഗത്ത് അവലംബിക്കൽ എന്നിവയാണ് കാർഷിക മേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ പ്രത്യേകിച്ച് ചെറുപ്പക്കാരെ ആകർഷിക്കുവാനുള്ള മാർഗ്ഗം. ഈ ലക്ഷ്യത്തോടെ താഴെപ്പറയുന്ന നൂതന പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷി വകുപ്പിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കിയത്.

### 1. ഹൈടെക് അഗ്രിക്കൾച്ചർ

ആധുനിക കൃഷി രീതികൾ അവലംബിച്ച് കുറഞ്ഞ വിസ്തൃതിയിൽ നിന്നും മികച്ച ഉല്പാദനം എല്ലാ സീസണിലും കൈവരിക്കുവാൻ ഗ്രീൻ ഹൗസ്, പോളി ഹൗസ് കൃഷി രീതികളിലൂടെ സാധ്യമാകുന്നു. പച്ചക്കറി, പുഷ്പകൃഷി എന്നിവയാണ് ഇതിലൂടെ കൂടുതൽ കൃഷി ചെയ്തുവരുന്നത്. ആകെ ചെലവിന്റെ 50-75% വരെ, നിബന്ധനകൾക്ക് വിധേയമായി, ധനസഹായമായി നൽകിവരുന്നു. കൃത്യതാകൃഷി (പ്രിസിഷൻ ഫാമിംഗ്)-യ്ക്കും പ്രസ്തുത പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു.

### 2. അഗ്രോ സർവ്വീസ് സെന്റർ

തെരഞ്ഞെടുത്ത 65 ബ്ലോക്കുകളിൽ അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. യന്ത്രോപകരണങ്ങളുടെ സഹായത്തോടെ കൃഷിപ്പണികൾ കർഷകരുടെ കൃഷിയിടത്തിൽ നേരിട്ടെത്തി മിതമായ നിരക്കിൽ ചെയ്തുകൊടുക്കുന്ന പരിശീലനം ലഭിച്ച ചെറുപ്പക്കാരാണ് ഇതിന് പിന്നിൽ. കൃഷി വകുപ്പ് ഉദ്യോഗസ്ഥരും തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളുമടങ്ങുന്ന കമ്മിറ്റി, സെന്ററിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നു.

### 3. കാർഷിക കർമ്മസേന

ഗ്രാമപഞ്ചായത്ത് തലത്തിൽ കാർഷികപ്പണികൾ യന്ത്രോപകരണങ്ങളുടെ സഹായത്തോടെ ചെയ്യുന്നതിന് രൂപീകരിക്കപ്പെട്ട രജിസ്റ്റേർഡ് സംഘമാണ് കാർഷിക കർമ്മസേന. കാർഷിക കർമ്മസേനയുടെ പ്രവർത്തനവും മേൽനോട്ടവും അഗ്രോ സർവ്വീസ് സെന്ററിന്റെ അതേ രീതിയിലാണ്.

Sreejma

**സെക്ഷൻ ഓഫീസർ**